**KERALA ELECTRICITY EMPLOYEES' CONFEDERATION**
**INTUC**
KEEC
(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com, Facebook : KEEC INTUC, YouTube: Keec intuc

PATRON K. MURALEEDHARAN Ex.M.P | PRESIDENT K.P DHANAPALAN Ex.M.P 9447083300 | WORKING PRESIDENT Adv. SIBYKUTTY FRANCIS 9447303578 | GENERAL SECRETARY NAZEER.M 9447241503

തിരുവനന്തപുരം
10.03.2025

## 25.2.2025 ചൊവ്വ വി.പി മരക്കാർ സ്മാരക മന്ദിരത്തിൽ ചേർന്ന സ്റ്റേറ്റ് സെക്രട്ടറിയേറ്റ് മിനിറ്റ്സ്

രാവിലെ 10.30 ന് വർക്കിംഗ് പ്രസിഡന്റ് സിബിക്കുട്ടി ഫ്രാൻസിസിന്റെ അധ്യക്ഷതയിൽ ആദ്യം സ്റ്റേറ്റ് സെക്രട്ടേറിയറ്റ് ആരംഭിച്ചു. ട്രഷറർ ഉണ്ണികൃഷ്ണൻ.പി സ്വാഗതം പറഞ്ഞു. പണിമുടക്ക്, മേഖലായോഗം, റഫറണ്ടം, യൂണിയൻ ഓഫീസ് മെയിന്റനൻസ് ഉൾപ്പടെ കാര്യങ്ങൾ വിശദീകരിച്ചു. റഫറണ്ടം പ്രവർത്തനം തുടങ്ങണമെന്നും, കൂട്ടായപ്രവർത്തനം നടത്തണമെന്നും, മെമ്പർ ഡിറ്റൈൽസ് ഉടൻ പൂർത്തികരിക്കണമെന്നും യൂണിയൻ അതിന് അനുസരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കാനുള്ള ഫോർമാറ്റ് ഇന്ന് നൽകുമെന്നും അത് ഉടൻ പൂർത്തിയാക്കണമെന്നും മാസവരി ഉടൻ ശേഖരിക്കണമെന്നും വർക്കിംഗ് പ്രസിഡന്റ് പറഞ്ഞു.

11.30 ന് പ്രസിഡണ്ട് കെ.പി.ധനപാലൻ എത്തിച്ചേർന്നു, അദ്ദേഹത്തിന്റെ അധ്യക്ഷതയിൽ യോഗം തുടർന്നു. എല്ലാ ഡിവിഷനുകളിലും പ്രവർത്തനം നടത്തുന്നുണ്ടോയെന്ന് പരിശോധിക്കണമെന്നും ബോർഡും ഗവൺമെന്റും ജീവനക്കാരുടെ വിഷയത്തിൽ നിഷേധാത്മക നിലപാടാണ് സ്വീകരിച്ച് വരുന്നതെന്നും ഗവൺമെന്റിന്റെ ബജറ്റിൽ ജീവനക്കാരും സാധാരണക്കാരും അസംതൃപ്തരാണ്. വരാൻ പോകുന്ന റഫറണ്ടത്തിൽ ശക്തമായി എല്ലാവരെയും ചേർത്ത് പോകണം. യോജിച്ച് റഫറണ്ടത്തെ നേരിടണമെന്നും ജയിക്കണമെന്നും ചർച്ചയിൽ അംഗങ്ങൾ പറഞ്ഞു.

പണിമുടക്കിനെ വിലയിരുത്തുക എന്നുള്ളതാണ് അജണ്ട. തിരുവനന്തപുരത്ത് പണിമുടക്ക് നടന്ന ദിവസം നാണക്കേട് ഉണ്ടാക്കിയെന്നും രാവിലെ പോകുമ്പോൾ 2 സ്റ്റേജ് കാണുന്ന നമ്മുടെ ആൾക്കാർ സംയമനം പാലിച്ചതുകൊണ്ട് സംഘർഷം നടന്നില്ലയെന്നും, റഫറണ്ടത്തിന് സമീപിക്കുമ്പോൾ ഒരുപാട് കാര്യങ്ങൾ ചർച്ച ചെയ്യണം ഒരു ബാനർ മാത്രമേ കാണാവൂവെന്നും നമ്മൾ *systematic* ആയി പോകുന്ന സംഘടനയാണെന്നും നമ്മുടെ സംവിധാനത്തെ അടിയറവ് വയ്ക്കുന്ന വിധത്തിൽ കാര്യങ്ങൾ നീക്കരുതെന്നും വിമതപക്ഷത്ത് വിരലിൽ എണ്ണാവുന്ന ആൾക്കാർ മാത്രമാണുള്ളതെന്നും വിലയിരുത്തലുകൾ നടത്തുമ്പോൾ മെമ്പർഷിപ്പ് ലിസ്റ്റ് നമ്മുടെ കൈവശം വേണമെന്നും, കോൺഗ്രസ് നേതാക്കളുടെ വീട്ടിൽ നിന്നും വരുന്ന പുതിയ നിയമനം ലഭിക്കുന്നവർപോലും മെമ്പർഷിപ്പ് എടുക്കുന്നില്ലയെന്നും മെമ്പർ ഡീറ്റെയിൽസ് ഉടൻ എത്തിക്കുമെന്ന് യൂണിയൻ തിരിച്ചുള്ള ലിസ്റ്റ്

എത്തിച്ചാൽ ഒരുപടി വിജയിച്ചുവെന്നും സെക്രട്ടറിയേറ്റ് ചലിച്ചെങ്കിൽ മാത്രമേ അംഗങ്ങൾ ചലിക്കുവെന്നും മണിയാർ സമരം ഏപ്രിൽ നടത്തണമെന്നും തീയതി നേതാക്കളുടെ സമയത്തിനനുസരിച്ച് നിശ്ചയിക്കണമെന്നും, സോഷ്യൽ മീഡിയ, Facebook ൽ പ്രചരണം നടത്തണമെന്നും മെമ്പർ ഡീറ്റെയിൽസ് ലിസ്റ്റ് പൂർത്തിയാക്കണമെന്നും, ഏപ്രിൽ മാസത്തിൽ സ്റ്റേറ്റ് കൗൺസിൽ കൂടണമെന്നും നോർത്ത് സോൺ 99% പേരെയും പണിമുടക്കിൽ പങ്കെടുപ്പിച്ചുമവെന്നും സാമ്പത്തികം ഈ മേഖലയിൽ നിന്നും കണ്ടെത്തി (ബസ്സ്, ഭക്ഷണം എല്ലാ ചിലവുകൾക്കും) പരിപാടിയിലെ ആകർശണീയമായത് പ്രകടനമായിരുന്നുവെന്നും വിമത സംഘടനയ്ക്ക് നഷ്ടപ്പെടാൻ ഒന്നുമില്ലായെന്നും KPCC യുടെ ഒരു ഔദ്യോഗിക ഉത്തരവിറക്കിയാൽ പ്രയോജനമായിരിക്കുമെന്നും, ഒറ്റ സംഘടനയെ ഓഫീസർമാർ ക്കിടയിലും കാണാൻ പാടുള്ളുവെന്നും, സെക്രട്ടറിയേറ്റിൽ തുടർച്ചയായി 3 പ്രാവശ്യം ഹാജരാകാതിരുന്നാൽ നോട്ടീസ് കൊടുക്കണമെന്നും, നമുക്ക് അനുകൂലമായി ലഭിച്ച ട്രാൻസ്ഫർ കാര്യങ്ങൾ ആരും പറയാറില്ലായെന്നും, കാഷ്യർ പോസ്റ്റിങ്ങ് ഉൾപ്പടെ കാര്യങ്ങൾ വൈദ്യുതി ഭവനിലുള്ള ഭാരവാഹികളുടെ ഇടപെടലുകൾ വളരെ നല്ലതായിരുന്നുവെന്നും, 22.1.2025 ൽ വിമതർ നടത്തിയത് ഒരു CITU സ്പോൺസർ പരിപാടി ആയിരുന്നുവെന്നും യോഗം വിലയിരുത്തി.

കൃത്യമായ സമയത്ത് സെക്രട്ടറിയേറ്റ് കൂടിയതിനെ അനുമോദിക്കുന്നുവെന്നും വളരെ വൈകി പ്രഖ്യാപിക്കേണ്ടി വന്നെങ്കിൽപോലും പണിമുടക്കും ധർണ്ണയും വിജയിപ്പിക്കാൻ സാധിച്ചുവെന്നും അതിനുവേണ്ടി എല്ലാവരും പരിശ്രമിച്ചുവെന്നും ജീവനക്കാർക്കുവേണ്ടി പ്രവർത്തിക്കാനുള്ളത് നമ്മുടെ സംഘടന മാത്രമാണെന്നും അത് നമുക്ക് വിളിച്ചറിയിക്കാൻ പറ്റിയെന്നും, പങ്കാളിത്തം കൊണ്ട് റാലികൾ വൻ വിജയമായിരുന്നുവെന്നും കൊല്ലം സൊസൈറ്റി തെരഞ്ഞെടുപ്പിൽ ഒരുമിച്ച് നിന്നത് ശുഭകരമായ കാര്യമാണെന്നും, കഴിഞ്ഞ 9 വർഷമായി വലിയ പ്രയാസത്തിലാണ്, അധികാരവും അംഗീകാരവും ഇല്ലാത്തതിന്റെ പ്രയാസങ്ങൾ വലുതാണെന്നും ഏതു രീതിയിലും വരാനിരിക്കുന്ന റഫറണ്ടത്തിൽ അംഗീകാരം വാങ്ങണമെന്നും KSEB യിലെ 35% പേരും കോൺഗ്രസ്സിന് പാർലമെന്റ് ഇലക്ഷനിൽ വോട്ട് ചെയ്തവരാണെന്നും കോൺഗ്രസ് പാനലിൽ ഒരു സംഘടനയെ പാടുള്ളുവെന്നും, അസ്തിത്വം പണയംവച്ച് യോജിക്കേണ്ടയെന്നും സബ് കമ്മിറ്റിയുടെ പ്രവർത്തനത്തിന് അനുകൂലമായി മുന്നോട്ടു പോകണമെന്നും, കഴിയാവുന്ന തരത്തിലുള്ള വിട്ടുവീഴ്ചകൾ ചെയ്ത് നമ്മൾ മാത്രം മത്സരിക്കുന്ന സാഹചര്യം ഉണ്ടാകണമെന്നും, മെമ്പർഷിപ്പ് ഡീറ്റെയിൽസ് *update* ചെയ്യണമെന്നും, വനിതാവേദി രൂപികരിക്കണമെന്നും, ജൂൺ 26 സംയുക്ത പണിമുടക്കിൽ പങ്കെടുക്കുന്നത് ആലോചിക്കണമെന്നും നമ്മൾ സെക്രട്ടേറിയറ്റ് അംഗങ്ങൾ ആണെന്നും ഗ്രൂപ്പിൽ പരസ്പരം എഴുതരുതെന്നും അങ്ങനെയുള്ള പരിപാടികൾ നിർത്തണമെന്നും സെക്രട്ടറിയേറ്റ് അംഗങ്ങളുടെ ചർച്ചയിൽ അവർ മാത്രമേ കാണാവുള്ളു എന്നും റഫറണ്ടത്തിൽ UDF അനുകൂല സംഘടനകൾ പരാമവാധി യോജിപ്പിച്ച് ഒറ്റ പാനൽ ഉണ്ടാക്കണമെന്നും ഓരോ ജില്ലയിലും നമ്മിളിൽനിന്നും വിട്ട് നില്ക്കുന്നവരെ നേരിൽ കാണണമെന്നും, മലപ്പുറത്ത് നിലമ്പൂരിൽ ഒറ്റകെട്ടായി നിൽക്കുന്നുവെന്നും തിരിച്ചു വന്നപ്പോൾ എന്താണോ അവർ മുമ്പ് വഹിച്ചിരുന്നത് അത് തന്നെ നൽകിയെന്നും അസ്തിത്വം പണയംവച്ച വിട്ടുവീഴ്ച വേണ്ടായെന്നും ഗ്രൂപ്പ് ചർച്ചകളിൽ സഭ്യമായ വാക്കുകൾ ഉപയോഗിക്കണമെന്നും, വൈകാരിക പ്രകടനങ്ങൾ നല്ലതാണെന്നും പക്ഷേ ഭാഷ സഭ്യമായിരിക്കണമെന്നും, പണിമുടക്കിൽ വൻ പ്രാതിനിധ്യം ഉണ്ടായിരുന്നുവെന്നും

പത്തനംതിട്ടയിലെ കാര്യങ്ങൾ ഏകോപിപ്പിക്കണമെന്നും സെക്രട്ടറിയേറ്റുപോലെ ജില്ലാ കമ്മിറ്റിയും കൂടണമെന്നും പ്രധാനപ്പെട്ട വിഷയങ്ങൾ ഡിവിഷൻ കമ്മിറ്റികളെ അറിയിക്കണമെന്നും ഡിവിഷൻ പ്രവർത്തനങ്ങൾ സജീവമാക്കണമെന്നും, മറ്റു സംഘടനയിൽപോലും പണിമുടക്ക് ചർച്ച വിഷയം ആയിട്ടുണ്ടെന്നും ഡിവിഷൻ കമ്മിറ്റികൾ മാസംതോറും കൂടണമെന്നും, പണിമുടക്കിന്റെ മൊത്തത്തിലുള്ള എണ്ണം എടുക്കണമെന്നും, റഫറണ്ടത്തിന്റെ വർക്ക് ഇപ്പോഴേ തുടങ്ങണമെന്നും ഇടുക്കി ജില്ലാ കമ്മിറ്റി മാർച്ചിൽ പുനഃസംഘടിപ്പിക്കണമെന്നും, തിരുവനന്തപുരത്ത് ചെറിയ അസ്വരസ്യങ്ങൾ ഉണ്ടായത് ഒഴിച്ചാൽ എല്ലാം വൻ വിജയം ആയിരുന്നുവെന്നും, അടുത്ത ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് പരാതികൾ പരിഹരിക്കാൻ കൂട്ടമായി ചീഫ് എഞ്ചിനീയർ (HRM) നെ കാണണമെന്നും, സേഫ്റ്റി മീറ്റിങ്ങിൽ നമ്മളെ വിളിപ്പിക്കണമെന്നും സേഫ്റ്റി 85% കാർക്ക് പോരല്ലോയെന്നും, മെമ്പർഷിപ്പ് അടുത്ത മാസം പൂർത്തീകരിക്കണമെന്നും ഉൾപ്പടെയുള്ള വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു. ചർച്ചയിൽ കെ.പി.ധനപാലൻ Ex.MP, സിബിക്കുട്ടി ഫ്രാൻസിസ്, ഉണ്ണികൃഷ്ണൻ.പി, ജംഹർ.കെ.എം, നിസാറുദീൻ.എ, യമുന.സി.എസ്, ഷമീം.സി, പ്രസാദ്.വി, മുഹമ്മദ് ഷെരിഫ്, നിഷാദ്.ടി, സുരേഷ് ബാബു ടി.വി.പി, മെൽബിൻ ആന്റണി, കാജാ.കെ, രാധാകൃഷ്ണപിള്ള. ആർ, തോമസ് മാത്യു, ജിജിൻ ജോസഫ് തുടങ്ങിയവർ പങ്കെടുത്തു. തുടർന്ന് 2.30 pm ന് ഉച്ചഭക്ഷണത്തോടെ സെക്രട്ടറിയേറ്റ് അവസാനിച്ചു. അതിനുശേഷം സെക്രട്ടറിയേറ്റ് അംഗങ്ങൾ എല്ലാവരും ചേർന്ന് സെക്രട്ടറിയേറ്റിന് മുന്നിൽ രാപ്പകൽ സമരം നടത്തുന്ന ആശാ വർക്കർമാർക്ക് പ്രസിഡന്റ് ശ്രീ.കെ.പി.ധനപാലന്റെ നേതൃത്വത്തിൽ അഭിവാദ്യം അർപ്പിച്ചു.

**<u>തീരുമാനങ്ങൾ</u>**

1. എല്ലാമാസവും ഡിവിഷൻ കമ്മിറ്റികളും, 2 മാസത്തിലൊരിക്കൽ ജില്ലാ കമ്മിറ്റികളും ചേരണം
2. അതാത് ജില്ലാ ചാർജ് ഉള്ളവർ ചാർജുള്ള ജില്ലകളിൽ വിളിച്ച് പ്രവർത്തനം ഏകോപിപ്പിക്കണം
3. സെക്രട്ടറിയേറ്റ് അംഗങ്ങൾ പരാതികൾ മറ്റു ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യരുത്
4. ഏപ്രിൽ മാസത്തിൽ കോൺഗ്രസ്സ് നേതാക്കളുടെ സമയം അനുസരിച്ച് മണിയാറിൽ സമരം നടത്തണം.
5. 2024 ലെ മാസവരി സംസ്ഥാന വിഹിതം ഉടൻ എത്തിക്കണം.
6. മാർച്ച് 31 നകം മെമ്പർ ഡീറ്റെയിൽസും, റഫറണ്ടം സംബന്ധിച്ച ലിസ്റ്റും എത്തിക്കണം
7. ഭാരവാഹി ലിസ്റ്റ് മാർച്ച് 15 നകം എത്തിക്കണം.
8. ജില്ലാ കമ്മിറ്റി ഗ്രൂപ്പിലും ഡിവിഷൻ കമ്മിറ്റി ഗ്രൂപ്പിലും അതത് കമ്മിറ്റികളുടെ മിനിറ്റ്സ് (സംസ്ഥാന കമ്മിറ്റി പുറത്തിറക്കുന്നതുപോലെ) പബ്ലിഷ് ചെയ്യണം.

വിശ്വസ്തതയോടെ,

Sibykutty

വർക്കിംഗ് പ്രസിഡന്റ്